# അക്കാദമിക മാസ്റ്റർ പ്ലാൻ

## കൊങ്ങന്നൂർ എ എൽ പി സ്കൂൾ

KONGANNURALPSCHOOL

KONGANNURALPSCHOOL






## ആമുഖം

92 വർഷത്തോളം പഴക്കമുണ്ട് കൊങ്ങന്നൂർ എഎൽപി സ്കൂളിന്. 1932 ആണ് ഈ സ്കൂൾ സ്ഥാപിച്ചത്. കൊങ്ങന്നൂർ പ്രദേശത്തെ നിരവധി കുട്ടികൾക്ക് അക്ഷരദീപം തെളിയിച്ച ഈ സ്കൂൾ പ്രദേശത്തിൻറെ കെടാവിളക്കായി നിലനിൽക്കുന്നു. ഈ സ്കൂളിൻറെ മാനേജരും ഹെഡ്മാസ്റ്റർമായ ആണ്ടി മാസ്റ്ററുടെ നേതൃത്വത്തിൽ ആയിരുന്നു ഈ സ്കൂൾ പ്രവർത്തിച്ചിരുന്നത്.

തുടക്കത്തിൽ പാച്ചർ മാസ്റ്ററുടെ നേതൃത്വത്തിൽ 200 ഓളം കുട്ടികളുമായി ആരംഭിച്ച ഈ സ്കൂൾ ദേവകിടീച്ചർ മന്ദൻ മാസ്റ്റർ രാഘവൻമാസ്റ്റർ തുടങ്ങിയ പ്രഗൽഭരും വിദ്യാസമ്പന്നരുമായ അധ്യാപകരുടെ നേതൃത്വത്തിൽ കുട്ടികൾക്ക് അക്ഷരജ്ഞാനം നൽകി. സ്കൂളിന്റെപടിഞ്ഞാറ് ഭാഗത്ത് മനോഹരമായ കോരപ്പുഴ കിഴക്ക് ഭാഗത്ത് വായനശാലയും തെക്ക് ഭാഗത്ത് പരസ്പര സാഹോദയം നിലനിർത്തുന്ന മലയിൽ ജുമാ മസ്ജിദും കുണ്ടിലേരിക്ഷേത്രവും വടക്ക് ഭാഗത്ത് കുനിയൽപള്ളിയും പാലോറത്ത് കാവും അതിരുകളായി നിലനിൽക്കുന്നു.ജാതി ഭേദമന്യേ കുട്ടികളും അധ്യാപകരും സന്തോഷത്തോടെയും ഉത്സാഹത്തോടെയും അറിവ് പകരുകയും ഗ്രഹിക്കപ്പെടുകയും ചെയ്യുന്നത് ഈ കൊങ്ങന്നൂർ പ്രദേശത്തുള്ള ഈ സ്കൂൾ ആയിരുന്നു.അതെ സ്കൂൾ തന്നെ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് കൊണ്ട് മുന്നേറിക്കൊണ്ടിരിക്കുന്നു.ഇപ്പോൾ ഹെഡ്മിസ്ട്രസ് ആയി സിജി പി ജെ യുടെ നേതൃത്വത്തിൽ ഒന്നു I മുതൽ IV വരെ ക്ലാസുകളിൽ അധ്യാപകരായ നദീറ ഒ പി , സീനത്ത് ഇ കെ ,അശ്വിൻ കെ എസ് , അറബി അധ്യാപികയായ നസീല ഒ പി എന്നിവരുടെ നേതൃത്വത്തിൽ ക്ലാസുകൾ ഭംഗിയായി നടക്കുന്നു.

ഈസ്കൂളിലെ പൂർവ്വ വിദ്യാർത്ഥികൾ ആയിരുന്ന മുൻ മുഖ്യമന്ത്രി സി എച്ച് മുഹമ്മദ് കോയ അതുപോലെ അദ്ദേഹത്തിൻറെ മകനായ ഡോക്ടർ എം കെ മുനീർ എന്നിവർ അതുപോലെ നിരവധി അധ്യാപകർ സാഹിത്യകാരന്മാർ പോലീസുകാർ എൻജിനീയർമാർ കലാകാരന്മാർ ഈ സ്കൂളിൽ നിന്നും പഠിച്ചിറങ്ങിയവരായിട്ടുണ്ട് ഇപ്പോഴും വിജയകരമായി തന്നെ നടന്നു പോകുന്നു

## നാഴികക്കല്ലുകൾ

1932 ഇൽ ആരംഭിച്ച സ്കൂൾ ഓല ഷേഡ് ആയിരുന്നു മഴക്കാലം ആകുമ്പോൾ ചോർന്നുഒലിക്കുമായിരുന്നു ഈ ഷെഡ് മാറ്റി1990 ഷീറ്റ് ഇടുകയും ചെറിയ അറ്റകുറ്റപ്പണികൾ നടത്തി നന്നാക്കുകയും തുടർന്ന് 2003 ൽ സ്കൂളിൻറെ ഉൾഭാഗം മുൻഭാഗം സിമൻറ് തേക്കുകയും അതുപോലെ 2014 എൽകെജി ക്ലാസുകൾ ആരംഭിച്ചു 2015 യുകെജി ക്ലാസുകളും നല്ല രീതിയിൽ നടന്നുപോകുന്നു അതുപോലെ 2016 എല്ലാ അധ്യാപകരുടെയും കൂട്ടായ്മയുടെയും ഫലമായി ക്ലാസുകൾ മുഴുവൻ ടൈൽസ് ഇടുകയും റൂമുകൾ സീലിംഗ് ചെയ്യുകയും ചെയ്തു ശേഷം 2022ൽ ഷീറ്റ് മാറ്റി ഓട് ആക്കുകയും ഒരു സ്കൂൾ പൂന്തോട്ടം ആരംഭിക്കുകയും സ്കൂളിന്റെ മുൻവശം ഇന്റർലോക്ക് ഇടുകയും ചെയ്തു.2023 ൽ സ്കൂളിന് പുതുതായി ഒരു അടുക്കള നിർമിക്കുകയും ചെയ്തു.അതേപോലെതന്നെ 2023 24 അധ്യയനവർഷത്തെ വിദ്യാരംഗം കലാസാഹിത്യവേദി നമ്മുടെ സ്കൂളിൽ വച്ച് വളരെ വിജയകരമായി നടത്തി.2023 24 ,2024-25 അധ്യയനവർഷത്തിലെ കലാമേളയ്ക്ക് രണ്ടാം സ്ഥാനം നേടാനും സാധിച്ചു.

## പരിമിതികൾ

-# സ്വന്തമായി കുടിവെള്ള സൗകര്യം ഇല്ല

സ്കൂളിന് സ്വന്തമായി കിണർ ഇല്ലാത്തതിനാൽ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നു. 300 മീറ്റർ അകലെ നിന്ന് പൈപ്പിട്ട് വെള്ളം കൊണ്ടുവരികയാണ് ചെയ്യുന്നത്.

-# കളിസ്ഥലം

കുട്ടികൾക്ക് വിശാലമായി കളിക്കാനുള്ള കളിസ്ഥലം സ്കൂളിൽ ഇല്ല

## നിലവിലുള്ളഅവസ്ഥ വിശകലനം
## അക്കാദമികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനം

ആദ്യകാലങ്ങളിൽ ഇരുന്നൂറോളം കുട്ടികൾ ഉണ്ടായിരുന്ന സ്കൂളിൽ കാലക്രമേണ കുട്ടികൾ കുറഞ്ഞുവരുന്നതായി അനുഭവപ്പെട്ടു. അങ്ങനെ ഞങ്ങൾ നാലുവർഷം മുമ്പ് പ്രാദേശികമായ ഒരു സർവ്വേ നടത്തി അതിൽ നിന്നും കണ്ടെത്തിയത് എല്ലാ രക്ഷിതാക്കൾക്കും ഇംഗ്ലീഷ് മീഡിയമാണ് താത്പര്യം എന്നതാണ് എല്ലാ കുട്ടികളും തൊട്ടടുത്ത് കൂണുപോലെ പൊങ്ങി വന്ന വിദ്യ എംഇഎസ് വെർച് പ്രോഗ്രസീവ് ഇലാഹിയ തുടങ്ങിയ സ്കൂളുകളിലേക്ക് പോകാൻ തുടങ്ങി. ഇതിൻറെ പരിഹാരമെന്നോണം ഞങ്ങൾ സ്കൂളിൽ കെ ജി ക്ലാസുകൾ 2014 ഇൽ ആരംഭിക്കുകയും ഇംഗ്ലീഷ് വിദ്യാഭ്യാസം മെച്ചപ്പെടുത്താനുള്ള ശ്രമം ആരംഭിക്കുകയും ചെയ്തു അതിനുവേണ്ടി നാട്ടിലുള്ള ഇംഗ്ലീഷ് പ്രാവന്യമുള്ള ടീച്ചറിനെയും കണ്ടെത്തി ക്ലാസുകൾ കൈകാര്യം ചെയ്യാൻ ചുമതലപ്പെടുത്തി അതിനായി സാറ ടീച്ചറെ സപ്പോർട്ട് ഗ്രൂപ്പിൻറെ അംഗമായ നിഷ ടീച്ചറെ തയ്യാറായി അവരെ നിയമിച്ച്. ഇത് വളരെയധികം സ്വാധീനം ചെലുത്തി കുട്ടികൾ വർദ്ധിക്കാൻ ഇടയായി തുടർന്ന് സ്റ്റേറ്റ് ബുക്കിനോടൊപ്പം സമാനമായ അക്കാദമിക നിലവാരമുള്ള ലോക്കൽ ടെസ്റ്റ് ബുക്ക് അധിക പഠനം എന്ന നിലയിൽ വെക്കാൻ തീരുമാനിച്ചു. കുട്ടികളുടെ ഇംഗ്ലീഷ് ഭാഷ വർദ്ധിപ്പിക്കാൻ ആധുനിക രീതിയിൽ അലക്സാ എ ഐ ഉപയോഗിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളും ആരംഭിച്ചു അതോടൊപ്പം ഹിന്ദി പഠനത്തിൻറെ ആവശ്യകതയെ രക്ഷിതാക്കൾ ഉന്നയിച്ചതോടെ പ്രദേശത്തെ ഹിന്ദി പ്രാവണ്യമുള്ള സുധ ടീച്ചറെ ഹിന്ദി പഠിപ്പിക്കാൻ നിയമിക്കുകയും ചെയ്തു ഇതെല്ലാം കുട്ടികളെ വളരെയധികം സ്വാധീനിച്ചു അതോടൊപ്പം കഴിഞ്ഞ കലാമേളയുടെ വിജയത്തോടെ അനുബന്ധിച്ച് ഈ വർഷം കുട്ടികൾ വീണ്ടും വരാൻ തുടങ്ങി. അതോടൊപ്പം സ്കൂളിൻറെ മുൻവശം ഇൻർലോക്ക് ഇടുകയും പുതുതായി ഉദ്യാനവും കളിപ്പന്തലും സ്കൂളിൻറെ പിൻവശത്ത് പച്ചക്കറി കൃഷി സൗകര്യവും ഒരുക്കി.

## ഞങ്ങൾ ചെയ്യുന്ന മറ്റു പ്രവർത്തനങ്ങൾ

**ഇംഗ്ലീഷ് അസംബ്ലി      പത്ര ക്വിസ് ഇംഗ്ലീഷ് പ്രോഗ്രാം**

**ഈ പ്രവർത്തനങ്ങൾ കുട്ടികളെ വളരെയധികം സ്വാധീനം ചെലുത്തുകയും അവരിൽ പ്രകടമായ മാറ്റങ്ങൾ ഉണ്ടാവുകയും ചെയ്തു ഇത് ഒരു വിജയം തന്നെയാണ് ഇപ്പോഴും തുടരുന്നു**

# 2025 -26 അധ്യായന വർഷത്തെ കുട്ടികളുടെ എണ്ണം

| CLASS | DIVS | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOT |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 1 | 8 | 8 | 16 | 1 | 0 | 1 | 0 | 0 | 0 | 3 | 4 | 7 | 0 | 0 | 0 | 4 | 4 | 8 | 0 | 0 | 0 | 3 | 3 | 6 | 5 | 5 | 10 |
| 2 | 1 | 14 | 11 | 25 | 4 | 1 | 5 | 0 | 0 | 0 | 7 | 7 | 14 | 0 | 0 | 0 | 2 | 0 | 2 | 1 | 3 | 4 | 5 | 5 | 10 | 9 | 6 | 15 |
| 3 | 1 | 3 | 8 | 11 | 0 | 1 | 1 | 0 | 0 | 0 | 1 | 5 | 6 | 0 | 0 | 0 | 1 | 2 | 3 | 1 | 0 | 1 | 0 | 4 | 4 | 3 | 4 | 7 |
| 4 | 1 | 7 | 8 | 15 | 0 | 2 | 2 | 0 | 0 | 0 | 3 | 3 | 6 | 0 | 0 | 0 | 2 | 2 | 4 | 2 | 1 | 3 | 3 | 4 | 7 | 4 | 4 | 8 |
| Total | | 32 | 35 | 67 | 5 | 4 | 9 | 0 | 0 | 0 | 14 | 19 | 33 | 0 | 0 | 0 | 9 | 8 | 17 | 4 | 4 | 8 | 11 | 16 | 27 | 21 | 19 | 40 |

മീഡിയം അടിസ്ഥാനമാക്കിയുള്ള കുട്ടികളുടെ എണ്ണം

| | MALAYALAM | | | ENGLISH | | | TAMIL | | | KANNADA | | | TOTAL | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| STD | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL |
| 1 | 8 | 8 | 16 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 8 | 8 | 16 |
| 2 | 14 | 11 | 25 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 14 | 11 | 25 |
| 3 | 3 | 8 | 11 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 3 | 8 | 11 |
| 4 | 7 | 8 | 15 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 7 | 8 | 15 |
| Total | 32 | 35 | 67 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 32 | 35 | 67 |

ഭാഷാടിസ്ഥാനത്തിലുള്ള കുട്ടികളുടെ എണ്ണം

| | MALAYALAM | | | SANSKRIT | | | ARABIC | | | URDU | | | GUJARATHI | | | TAMIL | | | KANNADA | | | ADT. HINDI | | | TOTAL | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| STD | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL |
| 1 | 8 | 8 | 16 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 8 | 8 | 16 |
| 2 | 14 | 11 | 25 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 14 | 11 | 25 |
| 3 | 3 | 8 | 11 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 3 | 8 | 11 |
| 4 | 7 | 8 | 15 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 7 | 8 | 15 |
| Total | 32 | 35 | 67 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 32 | 35 | 67 |

ADDITIONAL വിഷയങ്ങൾ പഠിക്കുന്ന കുട്ടികളുടെ എണ്ണം

| STD | ARABIC | | | KONKINI | | |
|---|---|---|---|---|---|---|
| | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL |
| 1 | 3 | 4 | 7 | 0 | 0 | 0 |
| 2 | 7 | 7 | 14 | 0 | 0 | 0 |
| 3 | 1 | 5 | 6 | 0 | 0 | 0 |
| 4 | 3 | 3 | 6 | 0 | 0 | 0 |
| TOTAL | 14 | 19 | 33 | 0 | 0 | 0 |

## പ്രവർത്തന വിശദാംശങ്ങൾ

- **മലയാളം 1-1V**

**ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ**

## പ്രവർത്തനങ്ങൾ

**അക്ഷരം ഉറപ്പിക്കാൻ, അടയാളം ഉറപ്പിക്കൽ അക്ഷര കാർഡ് നൽകൽ വാക്ക് എഴുതിയ കാർഡ് , വാ ക്കു നിർമ്മാണം , ചിത്രം അടിക്ക്കുറുപ്പ് , കഥാചിത്രം സിഡി , (ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന വർക്ക് പ്രത്യേകം ക്ലാസ് _B RC, DIET , PTA**

**കാലയളവ് _- 3 മാസം**

**.ഭൗതികം : പുസ്തകം , I CT. [ പിന്തുണ:BRC,DIET,SCERT,PTA ]**

## കുട്ടിയെ മികച്ച വായനക്കാരനാക്കുക

(വായനക്കൂട്ടം)

- _പ്രവർത്തനങ്ങൾ

1. ക്ലാസ് വായനക്കൂട്ടം രൂപീകരണം
2. ക്ലാസ് ലൈബ്രറി വായനാ മൂല
3. സ്കൂൾ ലൈബ്രറി നവീകരണം
4. സമീപ ഗ്രന്ഥശാല അംഗത്വം
5. വായനോത്സവം സംഘടിപ്പിക്കൽ
6. പത്രവായന,അമ്മവായന,വായനാക്കുറിപ്പ്

സ്കൂൾ സഭ,ബാലസഭ,ദിനാചരണങ്ങൾ,സാഹിത്യകാരന്മാരുമായുള്ള അഭിമുഖം വായന സാമഗ്രി വികസിപ്പിക്കൽ

കാലയളവ്: 6 മാസം
ഭൗതീകം:ക്ലാസ്. ലൈബ്രറി,ഗ്രന്ഥശാല,പത്രങ്ങൾ,വായനാമുറി,ഇൻറർനെറ്റ് കമ്പ്യൂട്ടർ

[ പിന്തുണ:BRC,DIET,SCERT,PTA ]

## കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക

- _പ്രവർത്തനങ്ങൾ

പുസ്ത ചർച്ച ക്ലാസ് ലൈബ്രറി വായനാക്കുറിപ്പ് ബാലസഭ വ്യക്തിഗത രചന സംഘ രചന സാഹിത്യകാരമായുള്ള അഭിമുഖം രചയിതാക്കളെ പരിചയപ്പെടുത്തൽ

കാലയളവ്: 6 മാസം
ഭൗതീകം:ക്ലാസ്.ലൈബ്രറി,ഗ്രന്ഥശാല,പത്രങ്ങൾ,ജീവചരിത്രപുസ്തകം ,ഇൻറർനെറ്റ് കമ്പ്യൂട്ടർ, പുസ്തകങ്ങൾ, ഫോട്ടോകൾ

[ പിന്തുണ:BRC,DIET,SCERT,PTA , ജനപ്രതിനിധി അധ്യാപകർ]

## വ്യക്തിത്വ വികാസം

- ലക്ഷ്യം

1. കുട്ടികളിൽ ക്ഷമ അച്ചടക്കം ബഹുമാനം തുടങ്ങിയ മൂല്യങ്ങൾ ഉണ്ടാക്കൽ
2. അർപ്പണ മനോഭാവം വളർത്തൽ
3. കുട്ടികളിൽ ബഹുമാനം വ്യക്തിത്വം വളർത്തൽ
4. കുട്ടികളിൽആത്മവിശ്വാസം വളർത്തൽ

- **_പ്രവർത്തനങ്ങൾ**

1. മഹാന്മാരെ പരിചയപ്പെടൽ നാടകം കളി സഹജീവി സ്നേഹം നയിക്കാം മത്സരിക്കാം നമുക്ക് തമ്മിൽ
2. ഗുണപാഠങ്ങൾ [പഞ്ചതന്ത്രം ഈസോപ്പ് കഥകൾ പുരാണ കഥകൾ]അവതരണം കെട്ടുകഥകൾ നാടകമാക്കുന്നു
3. ഭിന്നശേഷിക്കാരെ സഹായിക്കൽ ഗൃഹ സന്ദർശനം

പഠനം പിന്തുടരുക
ക്ലാസ് ലീഡർ ബാലസഭ ,ഗ്രൂപ്പ് ലീഡർ,ഫീൽഡ് ട്രിപ്പുകൾ,സർവ്വേ,പൂന്തോട്ട നിർമ്മാണം,പച്ചക്കറിത്തോട്ട.നിർമ്മാണം,കഥാകഥനം,പദ്യംചൊല്ലൽ പ്രസംഗം , ഇവയിൽ ക്ലാസ് തല മത്സരം

- **കാലയളവ്:**

1. ആഴ്ചയിൽ 1
2. വർഷം മുഴുവൻ 2,3
3. വർഷത്തിലൊരിക്കൽ 4
4. മമാസത്തിലൊരിക്കൽ. 5

## ENGLISH

1. STORY TIME
2. READING CARD (DAILY)
3. SENTENCE CARDS READING (DAILY)
4. ENGLISH SPEECH WEDNESDAY
5. WORDS CARD READING
6. ENGLISH ASSEMBLY
7. WORDS CORNER

- **DURATION**

'ജൂൺ ജൂലൈ മാസം ഒരു മാസത്തിലെ എല്ലാ ബുധനാഴ്ചയും ENGLISH DAY ENGLISH ASSEMBLY SPEECH SKIT ECT
• പാഠഭാഗവുമായി ബന്ധപ്പെട്ട കഥ ഭാഗങ്ങളെ കണ്ടെത്തൽ ,അവതരണതന്ത്രങ്ങൾ :പാവകളി,നാടകീകരണം,കഥാപ്രസംഗം മുതലായവ

- **PUBLIC SPEAKING. ( AUGUST - SEPTEMBER)**

I CT ഉപയോഗിച്ച് അനുഭവങ്ങൾ നൽകുന്നു
ഇംഗ്ലീഷ് ഭാഷാ നൈപുണി വർദ്ധിക്കുന്നതിന്

- **_പ്രവർത്തനങ്ങൾ**

- ENGLISH BALASABHA.
- RED THEATRE.
- CHOREOGRAPHY.
- RECITATION.
- SELF INTRODUCT
- DRAMA & THEATRE SCRIPT WRITING
- NEWS READING

(DURATION: SEPTEMBER TO MARCH)

## ഗണിതം

**ലക്ഷ്യം**

ഒന്നു മുതൽ നാലാം ക്ലാസ് വരെയുള്ള കുട്ടികളിൽ സംഖ്യാബോധം ചതുഷ്ക്രിയകൾ എന്നിവ ഉറപ്പിക്കൽ

- **_പ്രവർത്തനങ്ങൾ**

അബാക്കസ്, സംഖ്യകിറ്റുകൾ,സംഖ്യകാർഡുകൾ തുടങ്ങിയവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ

- **കാലയളവ്:** ജൂൺ -ഓഗസ്റ്റ് സാമ്പത്തികം: 5000₹

**ദൂരമളക്കൽ,നീളമളക്കൽ,ഭാരമളക്കൽ തുടങ്ങിയ പ്രക്രിയശേഷികൾ വികസിപ്പിക്കൽ**

ക്ലാസ്അന്തരീക്ഷം,വിദ്യാലയഅന്തരീക്ഷം,തുടങ്ങിയവ പാഠഭാഗങ്ങൾക്കനുസരിച്ച് വിഷയബന്ധിതമാക്കുക(BALA) പ്രക്രിയ ശേഷി വികസനത്തിന്റെ നേർ അനുഭവങ്ങളിലേക്ക്

- **ഗണിത വർക്ക് ഷോപ്പ്**

കാലയളവ്:

. 1. ജൂൺ- മാർച്ച് സാമ്പത്തികം 2000₹

. 2. നവംബർ സാമ്പത്തികം 2500₹

ഗണിത പ്രവർത്തനഫലമായി ക്ലാസ് റൂമുകളിൽ കുട്ടികൾ രൂപീകരിക്കുന്ന പസിലുകൾ, പാറ്റേണുകൾ, മാന്ത്രിക ചതുരങ്ങൾ ഇവ ഉൾപ്പെടുത്തി ഗണിത പതിപ്പുകൾ മാഗസിനുകൾ

പ്രവർത്തനങ്ങൾ : മാഗസിൻ തയ്യാറാക്കൽ

കാലയളവ്: ഡിസംബർ സാമ്പത്തികം 2000₹

**ഗണിതത്തിൽ താല്പര്യ വളർത്തൽ**

- **_പ്രവർത്തനങ്ങൾ**

ഗണിതശാസ്ത്രജ്ഞരുടെ ജീവചരിത്രങ്ങൾഗണിത കൗതുകങ്ങൾ ഗണിത മാഗസിനുകൾ പതിപ്പുകൾ ഇവയുടെ നിർമ്മാണം നിത്യജീവിതാനുഭവവുമായി ഗണിതത്തെ ബന്ധപ്പെടുത്തൽ

- **കാലയളവ്:** ജനുവരി. സാമ്പത്തികം 5000₹

## ഗണിതത്തിൽ താൽപര്യം വളർത്തൽ

- **_പ്രവർത്തനങ്ങൾ**

ഗണിത ശാസ്ത്രജ്ഞരുടെ ജീവചരിത്രങ്ങൾ,ഗണിതകൗതുകങ്ങൾ ഗണിതമാഗസിനുകൾ,പതിപ്പുകൾ.ഇവയുടെ,നിർമ്മാണം നിത്യജീവാനുഭവവുമായി ഗണിതത്തെ ബന്ധപ്പെടുത്തൽ

**കാലയളവ് : ഡിസംബർ- ജനുവരി സാമ്പത്തിക 5000₹**

ഗണിത പഠന പ്രവർത്തനങ്ങൾ ഫലമായി ചെയ്യുന്നതിനു പഠനം നേട്ടമുറ പ്പിക്കുന്നതിനും MATHS CORNER ഓരോ ക്ലാസിലും

- **_പ്രവർത്തനങ്ങൾ**

MATHS CORNER ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ ഗണിത പഠന സാമഗ്രികൾ , സഹായികൾ എന്നിവ ശേഖരിക്കൽ MATHS CORNER സജ്ജീകരിക്കാൻ

**കാലയളവ് : ജനുവരി സാമ്പത്തിക 2000₹**

## ഗണിതത്തിന്റെ ദീർഘാടിസ്ഥാനത്തിൽ ലക്ഷ്യമിടുന്നു

- **_പ്രവർത്തനങ്ങൾ**

ഗണിത ലാബ്, ഗണിത ലൈബ്രറി, ഗണിത പ്രതിഭകളെ സൃഷ്ടി

## പരിസര പഠനം

**ലക്ഷ്യം**

ഒന്ന് മുതൽ നാലു വരെ ക്ലാസ്സുകളിലെ പഠന പ്രവർത്തനങ്ങൾ ഫലപ്രദമാകുന്ന തിനും പഠന നേട്ടം ഉറപ്പാക്കുന്നതിനും ശാസ്ത്ര മൂല ഉറപ്പിക്കൽ

- **_പ്രവർത്തനങ്ങൾ**

1. പ്രസ്തുത ക്ലാസിലേക്കുള്ള ശാസ്ത്ര പഠനത്തിന് സഹായകമായി ശാസ്ത്ര മൂലയിൽ ഉണ്ടായിരിക്കേണ്ട ലിസ്റ്റ് തയ്യാറാക്കൽ
2. തയ്യാറാക്കിയലിസ്റ്റിൽ ശേഖരിക്കേണ്ടവ വാങ്ങേണ്ടവ നിർമ്മിക്കേണ്ട ക്ലാസ്സിൽ സൂക്ഷിക്കേണ്ടവർ ചിരിക്കൽ വാങ്ങൽ (കാലയളവ് ജൂൺ ജൂലൈ സാമ്പത്തികം 500₹)
3. പിടിഎയോഗത്തിൽ ശാസ്ത്ര മൂല സംബന്ധിച്ച് അവതരണം സാമഗ്രികളുടെ ശേഖരണം

4. പരീക്ഷണ സാമഗ്രികളുടെ നിർമ്മാണ ശില്പശാല,സ്കൂൾ പഠനോപകരണ നിർമ്മാണ ശില്പശാലയുടെ ഭാഗമായി രക്ഷകർത്താക്കൾ ,SRG,അധ്യാപകർ എന്നിവരെ പങ്കെടുപ്പിക്കൽ
കാലയളവ്:ആഗസ്റ്റ് സാമ്പത്തികം 5000₹
5 ശാസ്ത്രസാഹിത്യ പുസ്തകങ്ങൾ ക്ലാസ് നിലവാരമുള്ളത്
: കാലയളവ് : ആഗസ്റ്റ് സാമ്പത്തികം 5000₹
6.ശാസ്ത്രപഠനംനേരനുഭാനങ്ങളിലൂടെ,നൂതനാശയങ്ങൾപ്രയോജനപ്പെടുത്തൽ ഐസിടി

പ്രവർത്തനങ്ങൾ -ഫീൽഡ് ട്രിപ്പ് , ശാസ്ത്രജ്ഞന്മാരുടെ ജന്മദിനം കണ്ടുപിടുത്തങ്ങൾ സാധ്യതകൾ (പാഠവുമായി ബന്ധപ്പെട്ടവ)

7. ജൈവവൈവിധ്യ പാർക്ക് നിർമ്മാണം സാമ്പത്തികം 10000₹
8.ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ

## അറബിക്ക്

ലക്ഷ്യം
1 മുതൽ 4 വരെയുള്ള കുട്ടികളിൽ അക്ഷരം വാക്കുകൾ അറബി അക്ഷരങ്ങളുടെ ഉച്ചാരണം എഴുത്ത് രീതി എന്നിവ മനസിലാക്കി വായി പ്പിക്കാനും എഴുതാനുമുള്ള കഴിവ് ഉണ്ടാക്കുന്നു.

- _പ്രവർത്തനങ്ങൾ

1. അക്ഷര കാർഡ് നൽകുന്നു
2. അക്ഷരങ്ങൾക്ക് നിറം നൽകൽ
3. ഉച്ചാരണ ശുദ്ധിയോടെ വായിക്കാൻ പഠിപ്പിക്കുന്നു
4. വീടുകളിൽ അക്ഷര ചാർട്ട്

കാലയളവ് - ജൂൺ ജൂലൈ ആഗസ്റ്റ്

- പദ നിർമ്മാണം പദ ശേഖരണം
- ദിനാചരണം പരിചയപ്പെടൽ

ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അറബിയിലുള്ള പ്ലക്കാര്ഡുകൾ നിർമ്മിച്ച് ചെറിയ വിവരങ്ങൾ നൽകുന്നു.

- മാഗസിൻ നിർമ്മാണം.

ചിത്രങ്ങൾ, അക്ഷരങ്ങൾ , പദങ്ങൾ ഉപചാരവാക്കുകൾ , കഥ , കവിത ശേഖരിച്ചത് ഇവയെല്ലാം ഉൾപ്പെടുത്തി. ഒരു മാഗസിന് നിർമ്മാണം.

കാലയളവ് - ജൂൺ - മാർച്ച്

## കായികം

**ഒരു വ്യക്തിയുടെ വികാസന പ്രക്രിയയിൽ ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് അതുല്യമായ സ്ഥാനമാണുള്ളത്. കുട്ടിയുടെ ശാരീരികവും മാനസികവും സാമൂഹികവും വൈകാരികവുമായ വികസനത്തിന് കായിക വിദ്യാഭ്യാസവും യോഗചര്യങ്ങളും ചെയ്യുന്നതിന് പാഠ്യപദ്ധതി അവസരം ഒരുക്കുന്നു. ആഴ്ചയിൽ ഒരു ദിവസമെങ്കിലും കായികാധ്യാപകന്റെ സേവനം അനിവാര്യമാണ് യോഗ പഠനം വിഷയമാക്കണം**

- **നീന്തൽ ശില്പശാല-വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്ക് നീന്തൽ പഠനം ഉറപ്പാക്കാൻ പ്രാവീണ്യമുള്ളവരെ കണ്ടെത്തി പഠനം നടത്താൻ രക്ഷിതാക്കളുടെ പിന്തുണയോടെ**
- **കായിക പരിശീലനം-താല്പര്യമുള്ളവർക്ക് പരിശീലനം**

**•. ചുമതല- അധ്യാപകർ , പ്രാദേശിക കായിക പ്രതിഭകൾ**

## പ്രതീക്ഷിത നേട്ടങ്ങൾ

**2028ആകുമ്പോഴേക്കും ഇപ്പോൾ 65 കുട്ടികളുള്ള ഈ സ്കൂൾ 100 കുട്ടികളിൽ അധികം ആക്കുക. എല്ലാ കുട്ടികളെയും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യമുള്ളവരാക്കി തീർക്കുക, നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് കൊണ്ട് പഠനം മുന്നോട്ടു കൊണ്ടുപോവുക. AI അധിഷ്ഠിത ക്ലാസ് മുറികൾ ആക്കുക**

## മോണിറ്ററിങ്

**SSG,SRG,അംഗങ്ങളെ ഉൾപ്പെടുത്തി മോണിറ്ററിങ് ഫലപ്രദമായി നടത്തി അപ്പപ്പോൾ വേണ്ട പരിഹാരമാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു.**

## ഉപസംഹാരം

**അടുത്ത അഞ്ചുവർഷത്തേക്ക് കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് ഈ മാസ്റ്റർ പ്ലാൻ ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്.**